Siraj
29 July 2018
Kuttanad, Flood

നാടിലെ പൊക്കം കൂടിയ സ്ഥലം ക്ഷേത്ര മാണ്. അവിടെ ദേവൻ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുന്നു. വെള്ളം, സർവത്ര ജലം. നാട്ടുകാ രെല്ലാം കര തേടിപ്പോയി. വീടുകാവലിനെ റാൾ വീട്ടിൽ വള്ളമുണ്ടെങ്കിലുണ്ട്. ക്ഷേത്രത്തി ലെ മൂന്ന് മുറിയുള്ള മാളികപ്പുറത്ത് 67 കുട്ടിക ളുണ്ട്. 356 ആളുകൾ. പട്ടി, പൂച്ച, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളും. എല്ലാം ഐകമ ത്യമായി കഴിയുന്നു. ഒരു ശബ്ദമുമില്ല. ചേനപ്പ റമ്പിൽ ഒരു രാത്രിയും ഒരു പകലുമായി വെള്ള ത്തിൽ തന്നെ നിൽക്കുന്നു. അവന് വള്ളമില്ല.

(വെള്ളപ്പൊക്കത്താൽ, തകഴി)

*** *** ***

ദുരിതാശ്വാസ ക്യാമ്പ് പിരിച്ചുവിടല്ലേയെ ന്നാണ് ശശിയമ്മ ആഗ്രഹിക്കുന്നത്. ക്യാമ്പിൽ കഴിയാനുള്ള ഇഷ്ടം കൊണ്ടല്ല; സുരക്ഷിതമാ യ മറ്റൊരു കൂര ഇല്ലാത്തതിനാലാണ്. കുട്ടനാ ട്ടിൽ വെള്ളമിറങ്ങുകയും ദുരിതാശ്വാസ ക്യാ മ്പുകൾ സർക്കാർ പിരിച്ചുവിടുകയും ചെയ് താൽ പിന്നിടെങ്ങോട്ട് പോകുമെന്ന് ഈ അറു പതുകാരിക്ക് തിട്ടമില്ല. ജൂലൈ 17ന് ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ മടവീഴ്ച യിൽ ആകെയുണ്ടായിരുന്ന വീട് കല്ലും കട്ട ഉമായി മാറിയതിന്റെ വേദനയിലാണ് ശശിയ മ്മ. കുതവറച്ചിറയിലെ ക്യാമ്പിൽ വേദന കടിച്ച മർത്തി കഴിയുന്നത്. ഭർത്താവ് പ്രസന്നൻ 2013 ജൂണിൽ ഇതുപോലൊരു മഴക്കാലത്താണ് പ നി മൂർച്ഛിച്ച് മരിച്ചത്. ഇവർക്ക് മൂന്ന് പെൺമക്ക ളാണുള്ളത്. എല്ലാവരെയും വിവാഹം കഴിച്ചയ ച്ചതോടെ ശശിയമ്മ തനിച്ചാണ് വീട്ടിൽ താമ സം. ശക്തമായ കുത്തൊഴുക്കിൽ വീടും പറ മ്പും ദേഷൻ കാർഡുൾപ്പെടെയുള്ള രേഖകളും മറ്റു സമ്പാദ്യങ്ങളുമെല്ലാം നഷ്ടമായ തനിക്ക് ഇനി സ്വന്തമെന്ന് പറയാൻ ഒരു തരി മണ്ണ് പോ ലുമില്ലെന്ന് ശശിയമ്മ വിലപിക്കുമ്പോൾ കൂടെ നിൽക്കുന്നവർ സ്വന്തം വിഷമങ്ങൾ മറന്നു ഇവ രെ സമാധാനിപ്പിക്കുകയാണ്.

*****

ഇങ്ങനെ നൂറുകണക്കിന് ശശിയമ്മമാരുടെ കരൾ പിളരും ജീവിതകഥകളാണ് കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിൽ നി ന്ന് ഉയരുന്നത്. പഴമക്കാരുടെ ഓർമയിലുള്ള തൊണ്ണൂറിനെതിരെ വെള്ളപ്പൊക്കത്തെ നേരി ട്ട നാട്. പെറുതും വലുതുമായ പ്രളയങ്ങളെയെ ല്ലാം സധൈര്യം പെറുത്ത കരുത്തിന്റെ പ്രതീക മായ കുട്ടനാടൻ ജനത പക്ഷെ, 2018ലെ വെള്ള പ്പൊക്കത്തിൽ പതറിപ്പോയി. വീടും സമ്പാദ്യ ങ്ങളുമെല്ലാം ഒറ്റ രാത്രികൊണ്ട് പ്രളയം നക്കി ത്തുടച്ച കുട്ടനാട്ടുകാർക്ക് ഇനിയൊരു തിരിച്ചുവ രവ് എപ്പോൾ സാധ്യമാകുമെന്ന് പോലും പറ യാനാകുന്നില്ല. ജൂലൈ 16ന് ആരംഭിച്ച ശക്ത മായ മഴ, മടവീഴ്ചക്കും കൃഷിനാശത്തി നുമെല്ലാം കാരണമായെക്കുമെ ന്ന് അവർ കണക്കു കൂട്ടിയി

രുന്നു. എന്നാൽ, 17ന് ഒറ്റരാത്രി കൊണ്ടുണ്ടായ ശക്തമായ മലവെള്ളപ്പാച്ചിലിൽ എല്ലാം തകർ ന്ന് നാമാവശേഷമായത് മൂന്ന് കേട്ടുകേൾവി പോലുമില്ലാത്തതാണ്. കുട്ടനാട്ടിൽ ഒഴുകിപ്പോ കാതെ തളം കെട്ടിനിൽക്കുന്നത് കർഷകരുടെ യും കർഷകത്തൊഴിലാളികളുടെയും കണ്ണീരാ ണ്.

വെള്ളപ്പൊക്കം സംഹാരനൃത്തം ചവിട്ടിയ നാശം വിതച്ചത് ആലപ്പുഴ, കോട്ടയം, പത്തനം തിട്ട ജില്ലകളിലായി പരന്ന് കിടക്കുന്ന കുട്ടനാട്, അപ്പർകുട്ടനാട് പ്രദേശങ്ങളിലാണ്. കുട്ടനാടൻ ജനത കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും ദുരിതം വി തച്ച ഒരു വെള്ളപ്പൊക്കമാണ് ഇത്തവണത്തേത്. സാധാരണഗതിയിലുണ്ടാകുന്ന വെള്ളപ്പൊക്ക ത്തെ ചെറുക്കാനുള്ള ചെപ്പടി വിദ്യകൾ ആഴമേ റിയ കായലിലെ വെള്ളം വറ്റിച്ച് പൊന്ന് വിള യിക്കുന്ന ഈ കാർഷിക നാടിന് സ്വന്തമായു ണ്ട്. ഒപ്പം കാലാവസ്ഥ അനുകൂലമാകുകയും സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി പ്ര വർത്തിക്കുകയും ചെയ്യുന്നതോടെ ഒന്നോ ര ണ്ടോ ദിവസങ്ങൾക്കകം വെള്ളമിറങ്ങി കുട്ടനാ ട് സാധാരണനിലയാകുന്നതാണ് പതിവ്. വെ ള്ളപ്പൊക്കത്തിന്റെ കെടുതികൾ കാര്യമായി ബാധിക്കാത്ത പ്രദേശങ്ങളും ആളുകളും വേണ്ട ത്രയുണ്ടാകും. എന്നാൽ, ഇത്തവണ എല്ലാ ക ണക്കുകൂട്ടലുകളും തെറ്റി.

തളംകെട്ടി ദുരിതം

വെള്ളപ്പൊക്കം ബാധിക്കാത്തവരോ നാശം വിതക്കാത്ത പ്രദേശങ്ങളോ ഇത്തവണ കുട്ടനാ ട്ടിൽ എവിടെയും കാണാനില്ല. പകുതിയിലധി കം പേരും അകന്ന പ്രദേശങ്ങളിലെ ബന്ധുവീ ടുകളിൽ അഭയം തേടി. ശേഷിക്കുന്നവർ ദുരി താശ്വാസ കേന്ദ്രങ്ങളിലും. കന്യകാലികൾ ഉള്ള വരും മറ്റും വീടുകളിൽ തന്നെ തങ്ങി. വീടിനു ള്ളിൽ കളുകൾ അടുക്കിവെച്ച് അതിന് മുക ളിൽ കട്ടിൽ ഇട്ട് അതിൽ ഇരുന്ന് ദിവസങ്ങൾ കഴിച്ചുകൂട്ടി. വീടിനുള്ളിൽ തന്നെ വലിയ തടി കൾ അടുക്കിവെച്ച് അതിന് മുകളിലാണ് പല രും പശുവിനെയും മറ്റും കെട്ടിയത്. വെള്ളപ്പൊ ക്കമുണ്ടായി ദിവസങ്ങൾ പിന്നിട്ടിട്ടും മഴ മാറി നിന്ന് ശക്തമായ വെയിലുണ്ടായിട്ടും കുട്ടനാട്ടി ലെ വെള്ളപ്പൊക്കത്തിന് ഇത് എഴുതുന്നത് വ രെ കാര്യമായ ശമനമൊന്നുമുണ്ടായിട്ടില്ല. വീടി നകത്തുപോലും കഴുത്തറ്റം വെള്ളം. സമ്പാദ്യ മെല്ലാം നഷ്ടമായി. കർമാർഗം ഗതാഗതം നില ച്ചു. കുട്ടനാടിലുടെയുള്ള പ്രധാന പാതയായ ആലപ്പുഴ- ചങ്ങനാശ്ശേരി റോഡിൽ പലയിടങ്ങ ളിലും ഒരാൾപ്പൊക്കം വെള്ളം. എ സി റോഡ് പൂർണമായും വെള്ളത്തിൽ മുങ്ങിയതോടെ ഇത് വഴിയുള്ള സർവീസുകൾ കെ എസ് ആർ ടി സി ദ്യാക്കിയത് ദിവസങ്ങളാണ്. ഗ്രാമീണ റോഡുകൾ തോടുകളായി. ജലവാ ഹനങ്ങളുടെ സൗകര്യത്തിന് നിർമിച്ച പാല ങ്ങൾ മാത്രമായി ഏക അത്താണി. വീടുക ളിൽ താമസിക്കുന്നവരും മറ്റും കുട്ടമായിരു ന്ന് ക്ഷണം പാചകം ചെയ്തത് ഇത്തര ത്തിലുള്ള ഉയർന്ന പാലങ്ങൾക്ക് മുകളി ലാണ്. അന്തിയുറക്കമെന്നത് പേരിന് പോലുമില്ല. രാവും പകലും വെള്ളമിറ ങ്ങുന്നതിന്റെ തോത് നോക്കി ദിവസങ്ങൾ

തള്ളിനീക്കുകയാണ്. സ്ത്രീകളുടെ കാര്യസാധ്യ മായിരുന്നു കുടുതൽ കഷ്ടം. ഇരുൾ പരക്കുന്ന തും കാത്ത് പിടിച്ചുവെക്കേണ്ടി വന്ന ദയനീയ സ്ഥിതി. വൈദ്യുതി നിലച്ചതിനാൽ മൊ ബൈൽ ഫോണും ഇലക്ട്രോണിക് ഉപകരണ ങ്ങളും നിർജീവമായി. മൊബൈൽ നെറ്റ്വർക്കു കൾ പരിധിക്കുപുറത്തായിരുന്നതിനാൽ ഒറ്റപ്പെട്ട കുടുംബങ്ങളെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ പോലും പരാജയപ്പെട്ടു. ഇത്തരക്കാരെ കണ്ടെ ത്താനോ ആശ്വാസമെത്തിക്കാനോ രക്ഷപ്രവർ ത്തകർക്ക് കഴിയാത്തത് എത്ര ദയനീയമാണ്. നിത്യോപയോഗ സാധനങ്ങളെല്ലാം ഇവർക്ക് അപ്രാപ്യമായിരുന്നു. ശുദ്ധജല പൈപ്പുകളെ ല്ലാം വെള്ളത്തിനടിയിലായതോടെ മഴയെ ആ ശ്രയിക്കുക മാത്രമേ പോംവഴിയുണ്ടായുള്ളു. പ ശു, ആട്, കോഴി, താറാവ് തുടങ്ങി വളർത്തുമൃഗ ങ്ങൾ പലതും ചത്തൊടുങ്ങി. കച്ചവടസ്ഥാപന ങ്ങൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ തുടങ്ങിയവയെല്ലാം വെള്ളത്തിനടിയിലായത് ദുരിതത്തിന്റെ തീവ്രത വർധിപ്പിച്ചു.

നൂറുകണക്കിന് ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലും വെള്ളക്കെട്ടാ ണ്. ആകെ ഒരാശ്വാസം എല്ലാവരും ഒത്തൊരുമ യോടെ സുഖ, ദുഃഖങ്ങൾ പങ്ക് വെച്ചു കഴിയുന്ന തിലാണ്. കുട്ടനാട്ടിലെ പല വീടുകളിലും ഒരു ക്യാൻസർ രോഗിയുണ്ട്. നെല്ലുൽപാദനം വർധി പ്പിക്കാൻ അമിത വളപ്രയോഗം നടത്തുന്നതിലൂ ടെയുണ്ടായ ഈ മഹാരോഗം ഇന്ന് കുട്ടനാടു കാരെയൊക വേട്ടയാടുന്നുണ്ട്. വെള്ളപ്പൊക്ക ത്തിൽ വീടിന്റെ മേൽക്കൂര വരെ വെള്ളമെത്തി യിട്ടും പുറത്തക്ക് കൊണ്ടുപോകാൻ കഴിയാ ത്ത കിടപ്പിലായ ക്യാൻസർ രോഗികളും ചില കുടുംബങ്ങളിലുണ്ട്. സ്വന്തം വീടുകളിൽ മരണ ത്തിന് കീഴടങ്ങിയവരെ നേരാംവണ്ണം സംസ്ക രിക്കാൻ പോലുമാകാത്ത നിസ്സഹായത!

കൃഷിനാശത്തിൽ ചങ്ക് പൊട്ടി

ദിവസങ്ങളോളം പുറംലോകവുമായി ബന്ധ മില്ലാതെ ഒറ്റപ്പെട്ട കുട്ടനാടൻ ജനതക്ക് സമ്പാദ്യ ങ്ങൾ നഷ്ടപ്പെട്ടതിലോ വീടുകളും മറ്റും നശിച്ച തിലോ അല്ല ഏറെ ദുഃഖം. തങ്ങളുടെ ജീവന്റെ തുടിപ്പായി കണ്ടുപോരുന്ന രാപ്പകൽ അത്യധ്വാ നം ചെയ്ത് കായൽ നിലം വറ്റിച്ച് വിത്തെറി ഞ്ഞ നെൽകൃഷി പൂർണമായും നശിച്ചതിൽ ച ങ്ക് പൊട്ടുകയാണ് ഈ കാരിരുമ്പിന്റെ കരുത്ത ന്മാർക്ക്. ദിവസങ്ങളോളം ഉണ്ണാനും ഉറക്കവുമൊ ഴിച്ച് കണ്ണിമ ചിമ്മാതെ കാവലിരുന്ന നെൽപ്പാട ങ്ങളെല്ലാം മലവെള്ളപ്പാച്ചിലിൽ മടവീണ് തകർ ന്നതോടെ അവസാന കച്ചിത്തുമ്പും നഷ്ടപ്പെ ട്ട അവസ്ഥയായി. വൈക്കത്തെ ഇടയാഴത്ത്, അത്യധ്വാനം നടത്തി കൃഷിയിറക്കിയ പാടശേ ഖരത്തിന്റെ മടപൊട്ടി വെള്ളം ഇരച്ചു കയറുന്ന ത് നേരിൽ കണ്ട കർഷക തൊഴിലാളി നെഞ്ച് പൊട്ടി മരിച്ചതും ഈ വെള്ളപ്പൊക്കത്തിലാണ്. സ്വന്തം വസ്തുവകകൾ സംരക്ഷിക്കുന്നതിനേ ക്കാൾ തിടുക്കത്തിൽ മണൽചാക്കുകൾ അടു ക്കി മടവീഴ്ചയെ പ്രതിരോധിക്കാൻ കാണിച്ച കർഷക മനസ്സ്.

പാടങ്ങളി

ലെ വെള്ളം പമ്പ് ചെയ്തു നീക്കാൻ ഒരു മാസ ത്തിലധികം വേണ്ടിവരുമെന്നാണ് കർഷകർ പറ യുന്നത്. സ്ത്രീ പുരുഷ ഭേദമന്യേ കുട്ടനാട്ടു കാർ പൊതുവെ കാർഷിക ജോലികളിൽ പൂർ പ്പെട്ടു നിത്യചെലവുകൾക്ക് പണം കണ്ടെത്തു ന്നവരാണ്.

മട

കുട്ടനാട്ടിലെ ജനങ്ങളുടെ ജീവനും നെൽ കൃഷിയും വെള്ളത്തിൽ നിന്ന് സംരക്ഷിക്കുന്ന തിനായി പണ്ടമുതൽക്കേ സ്വീകരിച്ചുപോരു ന്ന പ്രതിരോധമാണ് മട. പ്രകൃതിദത്ത വിഭവ ങ്ങളുപയോഗിച്ചുള്ള മട നിർമാണം ഏറെ ശ്രമ കരവും അത്യധ്വാനം ആവശ്യമുള്ളതുമാണ്. സംരക്ഷണവും തൈറ്റെ കുട്ടനാട്ടിലെ ജലശേ യങ്ങളിൽ വർഷങ്ങൾ കൊണ്ട് രൂപപ്പെടുന്ന എ ക്കൽ ചെളിയായി ഉറച്ചുവരുന്ന കട്ടയാണ് മട നിർമാണത്തിനായി പ്രധാനമായും ഉപയോഗി ക്കുന്നത്. ഇതിന് കരിങ്കല്ലിനേക്കാൾ ഉറപ്പുള്ള താണ് കർഷകർ പറയുന്നത്. കട്ടയും വൈ ക്കോലും പച്ചിലക്കമ്പുകളും കൂടി ഇടവിട്ട് പാട ശേഖരങ്ങൾക്ക് ചുറ്റും ഉയരത്തിൽ തീർക്കുന്ന സംരക്ഷണ വലയമാണ് മട. ഇത് ബലപ്പെടു ത്തുന്നതിനായി ഇരുവശവും മുളകുറ്റി, തെ ങ്ങിൻതടി, ഓല, പനയോല, പനമ്പ് എന്നിവ കൊണ്ട് വീണ്ടും സംരക്ഷണ വലയം തീർക്കും. ഇതോടെ എത്ര വലിയ വെള്ളപ്പൊക്കത്തിൽ നിന്നും നെൽകൃഷിയെ സംരക്ഷിക്കാൻ കഴി യും. പാടശേഖരങ്ങളിലെ പമ്പ് നിർമാണം ക ട്ട മാത്രം പൊതിഞ്ഞാണ് നടത്തുന്നത്. പ്രകൃതി ദത്ത മടകളിൽ എലികൾ തീർക്കുന്ന മാളങ്ങളാ ണ് പലപ്പോഴും വിഘടക്കി കാരണമാകുന്നത്. കൽക്കെട്ടുകളിൽ തീർത്ത പുറം ബണ്ടുകളുടെ ചില ഭാഗങ്ങൾ അടർന്നുപോകുന്നത് മൂലം ആ ഭാഗത്ത് കൂടി വെള്ളം ഇരച്ചുകയറിയും കൃഷി നശിക്കും. പാടശേഖരത്തിലേക്ക് വെള്ളം കയ റ്റുന്നതിനും ഇറക്കുന്നതിനുമായി തെങ്ങിന്റെ യും പലകയുടെയും കോൺക്രീറ്റിന്റെയുമൊ ക്കെ തൂമ്പുകൾ സ്ഥാപിക്കുമ്പോൾ മടയ്ക്ക് ഇ ളക്കമുണ്ടാകും. ചിലപ്പോൾ വെള്ളത്തിന്റെ ശ ക്തമായ തള്ളിച്ചയിൽ തൂമ്പ് ഇളകിപ്പോകും. മറ്റൊന്ന് പാടശേഖരത്തിലെ വെള്ളം വറ്റി ക്കാൻ പെട്ടിയും മോട്ടർ തറയും സ്ഥാപിക്കു മ്പോഴുണ്ടാകുന്ന ഇളക്കം മൂലമുണ്ടാകുന്ന മട വീഴ്ചയാണ്.

നെല്ലറക്ക് സഹതാപം വേണ്ട

ആശ്വാസ വാക്കുകളുമായെത്തുന്നവർക്ക് മുന്നിൽ വിങ്ങിപ്പൊട്ടുന്ന പ്രകൃതം കുട്ടനാട്ടു കാർക്ക് പണ്ടേ ഇല്ല. അവരണനയിൽ പ്രതി ഷേധിച്ചുള്ള സമര കോലാഹലങ്ങളോടും താത് പര്യമില്ല. കേരളത്തിന്റെ നെല്ലറയായ കുട്ടനാടി ന്റെയും അവിടുത്തെ ജനങ്ങളുടെയും സംരക്ഷ ണവും നിലനിർത്തും കേരളീയർ ബാധ്യതയാ യി ഏറ്റെടുക്കേണ്ടതാണ്. പ്രളയദുരിതം അനുഭ വിക്കുന്ന കുട്ടനാടിന് വേണ്ടത് സഹതാപമല്ല. സാധ്യമായ സ്ഥലങ്ങളിലെല്ലാം വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ നടപ്പാക്കുകയും കാര്യ ക്ഷമമായ ജലഗതാഗത സൗകര്യങ്ങൾ ക്രമീകരി ക്കുകയും വേണം. നിലവിലെ ദുരിതം മാറാൻ കുറഞ്ഞത് അഞ്ച് മാസമെങ്കിലുമെടുക്കുമെന്നാ ണ് നാട്ടുകാർ കണക്കുകൂട്ടുന്നത്. മടവീഴ്ചയു ണ്ടായ സ്ഥലങ്ങളിൽ മടകുത്തി ആറ്റിലെ വെ ള്ളം വറ്റിച്ചാലെ വീടിനുള്ളിൽ കയറിയ വെ ള്ളം പൂർണമായി ഇറങ്ങൂ. ദിവസങ്ങളോളം വെ ള്ളത്തിനടിയിലായ വീടുകൾക്ക് ബലക്ഷയമു ണ്ടാകാനുമിടയുണ്ട്. ഇതിന് സർക്കാറിന്റെയോ തദ്ദേശസ്ഥാപനങ്ങളുടെയൊ ക്കെ സഹായം കൊണ്ടേ സാധ്യമാകൂ. ആറുകളിലെ വെള്ളമിറ ങ്ങിയാൽ പുതയിടത്തിലെ വെള്ളവുമിറങ്ങുമെ ന്ന പതിവ് പ്രതീക്ഷയിലാണ് ഇത്തവണയും. വെള്ളമിറങ്ങുമ്പോൾ വ്യാധികളുടെ വിളനില മാകും. ഇതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ടുള്ള ആശ്വാസ പ്രവത്തനങ്ങളാണ് സർക്കാറിന്റെ യും സന്നദ്ധ സംഘടനകളുടെയും ഭാഗത്തുനി ന്നുണ്ടാകേണ്ടത്.

നിലവിലെ ദുരിതം മാറാൻ കുറഞ്ഞത് അഞ്ച് മാസമെങ്കിലുമെടുക്കും. മടവീഴ്ചയുണ്ടായ സ്ഥലങ്ങളിൽ മടകുത്തി ആറ്റിലെ വെള്ളം വറ്റിച്ചാലെ വീടിനുള്ളിൽ കയറിയ വെള്ളം പൂർണമായി ഇറങ്ങൂ. വെള്ളമിറങ്ങുമ്പോൾ വ്യാധികളുടെ വിളനിലമാകും. ഇതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ടുള്ള ആശ്വാസ പ്രവത്തനങ്ങളാണ് സർക്കാറിന്റെയും സന്നദ്ധ സംഘടനകളുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടത്.